"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ് /റാങ്കിങ് - അവാർഡ് തുക - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.388/2026/LSGD  തീയതി,തിരുവനന്തപുരം, 14-02-2026

---

പരാമർശം:-

1. 08/08/2025 ലെ സ.ഉ(സാധാ) നം. 1978/2025/LSGD നമ്പർ സർക്കാർ ഉത്തരവ്.
2. 24/08/2025 ലെ സ.ഉ(സാധാ) നം. 2097/2025/LSGD നമ്പർ സർക്കാർ ഉത്തരവ്.
3. 21/01/2026 ലെ സ.ഉ(സാധാ) നം. 176/2026/LSGD നമ്പർ സർക്കാർ ഉത്തരവ്.
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷന്റെ 02/02/2026 ലെ SM/1765/2025/DEO-CS നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ശുചിത്വ-മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പരിശോധന നടത്തി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ്/റാങ്കിങ് നിശ്ചയിക്കുന്നതിന് പരാമർശം 1, 2 & 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ, തിരഞ്ഞെടുക്കപ്പെടുന്ന മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവാർഡ് തുക നല്കുന്നതിന് പരാമർശം 4 പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു:

തിരഞ്ഞെടുക്കപ്പെടുന്ന മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ അവാർഡ് തുക നൽകുന്നതിനായി ഗ്രാമ പഞ്ചായത്തുകളുടെ വിഭാഗത്തിൽ, ശുചിത്വ കേരളം (റൂറൽ) ഫണ്ടിൽ നിന്നും മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നീ വിഭാഗങ്ങളിൽ ശുചിത്വ കേരളം (അർബൻ) ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നും ശുചിത്വ മിഷൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

കൂടാതെ, കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ഗ്രേഡിംഗ്/റാങ്കിങ് നടത്തുന്നതിനാൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരേ റാങ്ക് വരാനുള്ള സാധ്യത കൂടുതലാണെന്നതിനാൽ തുല്യത ഒഴിവാക്കുവാൻ (TIE BREAKING) പരാമർശം 2 ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്ന ഘടകങ്ങളിൽ ചിലതിന് മുൻഗണന നല്കി

ഉത്തരവാകുന്നതിനും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1, 2 & 3 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, തിരഞ്ഞെടുക്കപ്പെടുന്ന മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്,

**കോർപ്പറേഷൻ** ഒന്നാം സ്ഥാനം - 3,00,000 (മൂന്ന് ലക്ഷം) രൂപ
**മുനിസിപ്പാലിറ്റി** ഒന്നാം സ്ഥാനം - 3,00,000 (മൂന്ന് ലക്ഷം) രൂപ
രണ്ടാം സ്ഥാനം - 2,00,000 (രണ്ട് ലക്ഷം) രൂപ
മൂന്നാം സ്ഥാനം - 1,00,000 (ഒരു ലക്ഷം) രൂപ

**പഞ്ചായത്ത്** ഒന്നാം സ്ഥാനം 3,00,000 (മൂന്ന് ലക്ഷം) രൂപ
രണ്ടാം സ്ഥാനം 2,00,000 (രണ്ട് ലക്ഷം) രൂപ
മൂന്നാം സ്ഥാനം 1,00,000 (ഒരു ലക്ഷം) രൂപ

എന്ന നിരക്കിൽ അവാർഡ് തുക നൽകുന്നതാണ്.ഈ തുക ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. അവാർഡ്തുക നൽകുന്നതിനായി ഗ്രാമ പഞ്ചായത്തുകളുടെ വിഭാഗത്തിൽ, ശുചിത്വ കേരളം (റൂറൽ) ഫണ്ടിൽ നിന്ന് 8,00,000 (എട്ട് ലക്ഷം) രൂപയും, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നീ വിഭാഗങ്ങളിൽ ശുചിത്വ കേരളം (അർബൻ) ഫണ്ടിൽ നിന്നും 10,00,000 (പത്ത് ലക്ഷം) രൂപയും ചെലവഴിക്കുന്നതിനും അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൂടാതെ പരാമർശം 1, 2, 3 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ഗ്രേഡിംഗ്/റാങ്കിങ് നടത്തുന്ന വേളയിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരേ റാങ്ക് വരാനുള്ള സാധ്യത നിലനിൽക്കുന്നതിനാൽ ടൈ ബ്രേക്കർ (TIEBREAKER) വ്യവസ്ഥകളായി പരാമർശം 1, 2 ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള ഗ്രേഡിംഗ് ഘടകങ്ങൾക്ക് ചുവടെ പറയും പ്രകാരം മുൻഗണന നൽകിയും ഉത്തരവാകുന്നു.

| Tiebreaker No. | Parameters | Indicators | Question No. | Tiebreaker condition |
|---|---|---|---|---|
| 1 | **പൊതു ശുചിത്വം** | പൊതുശുചിമുറികൾ, പൊതു ശുചിത്വം, ഹരിത പ്രോട്ടോക്കോൾ പാലനം | 38, 39, 40 | ഈ ചോദ്യങ്ങൾക്ക് 'ഗുഡ്' എന്ന വിഭാഗത്തിൽ ഉൾപ്പെട്ട് പരമാവധി മാർക്ക് ലഭിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു മുൻഗണന നൽകണം. |

| | | | | |
|---|---|---|---|---|
| 2 | **കവറേജ്** | എല്ലാ തരം മാലിന്യങ്ങളുടെയും ശേഖരണം | 9 | കലണ്ടർ പ്രകാരം എല്ലാ അജൈവ മാലിന്യങ്ങളും ( സാനിട്ടറി മാലിന്യം ഒഴികെ ) ശേഖരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു മുൻഗണന നൽകണം. |
| 3 | **അജൈവ മാലിന്യ ശേഖരണ സംവിധാനങ്ങൾ** | റിജകറ്റ് മാലിന്യത്തിന്റെ അളവ് (%) | 18 | 2025 ഏപ്രിൽ മുതൽ 2025 നവംബർ വരെയുള്ള മാസങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ശേഖരിച്ച മാലിന്യത്തിൽ ഏറ്റവും കുറവ് റിജകറ്റ് മാലിന്യത്തിന്റെ അളവ് (%) വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു മുൻഗണന നൽകണം. |
| | | | | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് സ്വന്തമായി FSTP/STP/MTU സംവിധാനം ഉണ്ടോ/ ഏതെങ്കില്ല |

| | | | | |
|---|---|---|---|---|
| 4 | **ദ്രവ മാലിന്യ സംസ്കരണം** | കവറേജ് | 26 | ം ക്ലസ്റ്റർ FSTP/STP/MTU പ്രോജക്ടിന്റെ ഭാഗമാണോ (Tendered Stage) എന്ന ചോദ്യത്തിന് കൂടുതൽ മാർക്ക് നേടിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകണം. |
| 5 | **സാനിറ്ററി മാലിന്യം** | സാനിട്ടറി മാലിന്യ സംസ്കരണ സംവിധാനം | 27 | സാനിട്ടറി മാലിന്യ ശേഖരണ സംസ്കരണത്തിനായി ശുചിത്വ മിഷൻ accredited ഏജൻസിയുമായി കരാർ/ സ്വന്തമായി സാനിട്ടറി മാലിന്യ സംസ്കരണത്തിനായി ഡബിൾ ചേംബർ ഇൻസിനറ്റേർ/ഏതെങ്കിലും ക്ലസ്റ്റർ സാനിട്ടറി വേസ്റ്റ് മാനേജ്മെന്റ് പ്ലാൻറ് പ്രോജ്കടിന്റെ ഭാഗമാണോ എന്ന ചോദ്യത്തിന് കൂടുതൽ മാർക്ക് നേടിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു മുൻഗണന നൽകണം. |
| | | | | |

| | | | | |
|---|---|---|---|---|
| 6 | **പ്രൊജക്റ്റ് നിർവ്വഹണ ം** | പ്രൊജക്റ്റ് ചെലവ് | 36, 37 | ശുചിത മാലിന്യ സംസ്കരണ മേഖലയിലെ ഫണ്ട് വിനിയോഗ ശതമാനം കൂടുതലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു മുൻഗണന നൽകണം. |

മേൽപ്പറഞ്ഞ ക്രമീകരണങ്ങൾ വഴി തുല്യത ഒഴിവാക്കാനുള്ള നടപടി സ്വീകരിച്ച ശേഷവും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരേ മാർക്ക് വരുന്ന സാഹചര്യം സംജാതമായാൽ വിവിധ ഇനങ്ങളിലായി (ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ) ഒന്ന്, രണ്ട്, മൂന്ന് എന്നീ സ്ഥാനങ്ങൾ നിശ്ചയിക്കുന്നതിന് സംസ്ഥാനതലത്തിൽ റാങ്കിംഗ്/ ഗ്രേഡിങ് അന്തിമമാക്കി അംഗീകരിക്കുന്നതിന് സർക്കാർ സൂചന 1 പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ തീരുമാനപ്രകാരം അന്തിമ റാങ്ക്പട്ടിക നിശ്ചയിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ , കെ എസ് ഡബ്ല്യൂ എം പി
മെമ്പർ സെക്രട്ടറി,കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ഡയറക്ടർ ജനറൽ , കില
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Signed by Viraj K
Date: 15-02-2026 21:14:42

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്